# അധഃസ്ഥിതരുടെ ദൈവം

**മലയാളത്തിന്റെ** ഗാനഗന്ധർവൻ യേശുദാസിനെ ഗുരുവായൂരമ്പലത്തിൽ കടന്നു പാടാൻ അനുവദിക്കാത്തതു സംബന്ധിച്ച തർക്കം കെട്ടടങ്ങുന്നതിനു മുമ്പാണ്, കേന്ദ്രപ്രവാസികാര്യമന്ത്രി വയലാർ രവിയുടെ പേരക്കിടാവിനെ ചോറൂണിന് അമ്പലത്തിൽ പ്രവേശിച്ചതിനെ തുടർന്ന് പുണ്യാഹം തളിച്ച് ശുദ്ധി വരുത്തിയ സംഭവവും വലിയ ഒച്ചപ്പാടായി ഉയർന്നുവന്നത്. ക്ഷേത്രപ്രവേശന വിവാദങ്ങൾ ഇന്ത്യയിൽ സാധാരണമായിരിക്കുന്നു. മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിവരെ ഈ വിവാദത്തിലകപ്പെട്ടിട്ടുള്ളതാണ്.

ഹൈന്ദവ ദേവാലയങ്ങളിലെ ആരാധനാനുഷ്ഠാന രീതികൾ നിശ്ചയിക്കേണ്ടത് ഹിന്ദു പുരോഹിതന്മാരും പണ്ഡിതന്മാരുമാണ്. സർക്കാരോ ഇതര മതസ്ഥരോ അതിൽ ഇടപെട്ടുകൂടാ. ഒരു മതത്തിൽ വിശ്വസിക്കുകയോ അതിന്റെ ദൈവങ്ങളെ ആരാധിക്കുകയോ ചെയ്യാത്തവർ അതിന്റെ ദേവാലയങ്ങളിൽ പ്രവേശിക്കേണ്ടതില്ലെന്നു തീരുമാനിക്കാൻ ആ മതത്തിന്റെ അനുയായികൾക്കവകാശമുണ്ട്. മറ്റുള്ളവർ അതു ചോദ്യം ചെയ്തുകൂടാ.

എന്നാൽ മതപണ്ഡിതന്മാരും പുരോഹിതന്മാരും നിർമിക്കുന്ന നിയമങ്ങളും വ്യവസ്ഥകളും മനുഷ്യന്റെ അന്തസ്സിനെയും മനുഷ്യാവകാശങ്ങളെയും ബാധിക്കുന്നതാകുമ്പോൾ അതൊരു പൊതുവിഷയമാകുന്നു. അത് എല്ലാ വിഭാഗങ്ങളുടെയും വിചിന്തനവും വിമർശനവുമർഹിക്കുന്നു; സർക്കാറിന്റെ ഇടപെടൽ ആവശ്യപ്പെടുന്നു. അങ്ങനെയാണല്ലോ അയിത്തോച്ചാടന നിയമങ്ങളും ക്ഷേത്രപ്രവേശന വിളംബരവുമൊക്കെ ഉണ്ടായത്. മുസ്‌ലിം സ്ത്രീകളുടെ പള്ളി പ്രവേശനം പൊതു ചർച്ചയാകുന്നതും അതുകൊണ്ടുതന്നെ. ഹിന്ദുമതവിശ്വാസികളെന്നും ഹൈന്ദവദൈവങ്ങളുടെ ഭക്തരെന്നും സ്വയം അവകാശപ്പെടുകയും മറ്റുള്ളവരാൽ ഹിന്ദുക്കളായി അംഗീകരിക്കപ്പെടുകയും ചെയ്യുന്നവരിൽ ചിലർക്ക് അമ്പലങ്ങളിൽ അയിത്തം കൽപിക്കുമ്പോൾ അതും സർക്കാറിന്റെയും ബഹുജനങ്ങളുടെയും ശ്രദ്ധയാവശ്യപ്പെടുന്ന വിഷയമാകുന്നു.

ഇന്ദിരാഗാന്ധി മുതൽ ഉണ്ണികൃഷ്ണൻ വരെയുള്ളവരുടെ ക്ഷേത്രപ്രവേശനം വിവാദമായത് ഹിന്ദുമതത്തിലുള്ള അവരുടെ വിശ്വാസത്തെയോ ഹൈന്ദവദൈവങ്ങളിലുള്ള ഭക്തിയെയോ സംശയിക്കുന്നതുകൊണ്ടല്ല. അവരുടെ വംശബന്ധമാണ് പ്രശ്നം. ഇന്ദിരാഗാന്ധിയുടെ ഭർത്താവ് ഫിറോസ്ഗാന്ധി പാർസിയായിരുന്നു. ഉണ്ണികൃഷ്ണന്റെ മുത്തശ്ശി മെഴ്സി രവി ക്രിസ്ത്യാനിയാണ്. ദൈവഭക്തിയുടെയും വിശുദ്ധിയുടെയും മാനദണ്ഡം ജനനമാകുന്നു എന്നതാണ് ഇത് മുന്നോട്ടുവെക്കുന്ന തത്ത്വം. ഒരുവന്റെ വിശ്വാസത്തെയും കർമത്തെയും ആശ്രയിച്ചല്ല, അവൻ ഏതു ജാതിയിൽ ആരുടെ സന്തതിയായി ജനിച്ചു എന്നതിനെ ആശ്രയിച്ചിരിക്കുന്നു അവന്റെ ശ്രേഷ്ഠതയും ദുഷ്ഠതയും. സ്വന്തം ഇഛക്കോ കർമത്തിനോ യാതൊരു സ്വാധീനവുമില്ലാത്ത കാര്യമാണ് ഒരാളുടെ ജനനം. അതുതന്നെയാണത്രെ അയാളുടെ ഏറ്റവും വലിയ കർമം! ഒരിക്കലും തിരുത്താനാവാത്ത കർമം. 'താണത്' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ജാതികളിൽ പിറക്കുന്നവൻ 'അധഃകൃതൻ' – തിന്മ ചെയ്തവൻ – ആകുന്നു. മ്ലേഛനും – അശുദ്ധൻ – ആകുന്നു. ഈ തിന്മയിൽനിന്നും അശുദ്ധിയിൽനിന്നും അവന്നു മോചനമില്ല.

ഇവിടെ ദൈവങ്ങൾ വരേണ്യവർഗത്തിന്റെ നിക്ഷിപ്ത താൽപര്യങ്ങളുടെ കാവൽക്കാരാകുന്നു. ഇത്തരം ദൈവങ്ങളും മതങ്ങളുമാണ് ചൂഷണോപാധികളെന്നും മയക്കു മരുന്നെന്നും വിശേഷിപ്പിക്കപ്പെടുന്നത്. അടിച്ചമർത്തപ്പെട്ടവരുടെയും അവശവിഭാഗങ്ങളുടെയും അവലംബമാണ് യഥാർഥ ദൈവം. അധഃസ്ഥിതരും ആലംബഹീനരും അടുത്താൽ ആ ദൈവത്തിന്റെ സന്നിധാനം അശുദ്ധമാവുകയോ ഊറ്റം നഷ്ടപ്പെടുകയോ ഇല്ല. എല്ലാ പ്രവാചകന്മാരെയും ആദ്യം വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്തത് അധഃസ്ഥിതരും പതിതരുമായിരുന്നു. അവരുടെ സാന്നിധ്യം തങ്ങൾ പ്രവാചക സന്ദേശം സ്വീകരിക്കാതിരിക്കാനുള്ള ന്യായമായി വരേണ്യ വർഗം ഉന്നയിച്ചിരുന്നതായി ഖുർആൻ പ്രസ്താവിക്കുന്നുണ്ട്. അധഃസ്ഥിതന്റെയും പതിതന്റെയും പാദം പതിഞ്ഞിടത്ത് പുണ്യാഹം തളിക്കാൻ ഒരു പ്രവാചകനും കൽപിച്ചിട്ടില്ല. പട്ടിണിപ്പാവത്തിന് അന്നം കൊടുക്കുന്നതിലൂടെ, രോഗാതുരനെ ശുശ്രൂഷിക്കുന്നതിലൂടെയാണ് യഥാർഥ ഭക്തൻ ദൈവത്തെ കണ്ടെത്തുകയെന്നാണ് മുഹമ്മദ് നബിയും യേശുക്രിസ്തുവും പറഞ്ഞത്. പീഡിതന്റെ പ്രാർഥനയാണ് യാതൊരു തട്ടും തടവുമില്ലാതെ ദൈവത്തിലേക്കെത്തുന്നതെന്നും മുഹമ്മദ് നബി പറയുകയുണ്ടായി.

അയിത്തമാചരിക്കുകയും ആട്ടിയകറ്റുകയും ചെയ്യുന്ന ദൈവത്തെയാണോ, അതല്ല മാടിവിളിക്കുകയും തങ്ങൾക്കുവേണ്ടി സംസാരിക്കുകയും ചെയ്യുന്ന ദൈവത്തെയാണോ അവലംബിക്കേണ്ടതെന്ന് ചിന്തിക്കേണ്ടത് അയിത്തത്തിനും ആട്ടിനും വിധേയരാകുന്നവർ തന്നെയാണ്. അങ്ങനെയൊരു വീണ്ടുവിചാരത്തിനു തയാറാകുന്നില്ലെങ്കിൽ, തങ്ങളനുഭവിക്കുന്ന അയിത്തത്തെയും അധമത്വത്തെയും സ്വയം തൃപ്തിപ്പെട്ടംഗീകരിച്ചിരിക്കുന്നുവെന്നാണർഥം.

ദൈവത്തോട് ഏറ്റം അടുത്ത ആദരണീയൻ ആരാണെന്ന ചോദ്യത്തിന് ഖുർആൻ നൽകുന്ന ഉത്തരം അത്യന്തം ലളിതവും യുക്തിബദ്ധവുമാണ്. ദൈവത്തോട് ഏറ്റവും ഭക്തിയുള്ളവനാരോ അവൻ തന്നെയാണ് ഏറ്റം ദൈവസാമീപ്യം സിദ്ധിച്ച ആദരണീയൻ. ഗോത്ര-സമുദായ ബന്ധങ്ങൾ തിരിച്ചറിയപ്പെടാനുള്ള അടയാളങ്ങൾ മാത്രം. ഈ അടയാളങ്ങൾ ആർക്കും അധമത്വമോ ഔന്നത്യമോ സമ്മാനിക്കുന്നില്ല. ഒരൊറ്റ ജോടി ആണിൽനിന്നും പെണ്ണിൽനിന്നും പെറ്റുപെരുകിയതാണ് മനുഷ്യവംശമഖിലം (49:13).

വിശുദ്ധിയെയും ദേവചൈതന്യത്തെയും ഭക്തന്റെ ജന്മവുമായി ബന്ധിപ്പിക്കുന്ന തത്ത്വശാസ്ത്രങ്ങൾ പഴയതായാലും പുതിയതായാലും അധീശവർഗത്തിന്റെ അമാനവിക തത്ത്വശാസ്ത്രമാണ്. ഈ അപമാനവീകരണത്തിനെതിരെ നടന്ന മുന്നേറ്റമായിരുന്നു ക്ഷേത്രപ്രവേശന വിളംബരം. വിശുദ്ധിയുടെയും ദേവചൈതന്യത്തിന്റെയും നഷ്ടം ഉയർത്തിപ്പിടിച്ച് അന്നും അധീശവർഗം കലിതുള്ളുകയുണ്ടായി. കാലം അവരെ തോൽപിച്ചു. കീഴ്‌വഴക്കങ്ങളും പാരമ്പര്യ ആചാര വ്യവസ്ഥകളും പരിവർത്തനവിധേയമായാൽ വിശുദ്ധിയും ദേവചൈതന്യവും നഷ്ടപ്പെടുമെങ്കിൽ അവർണർ പ്രവേശിച്ചുതുടങ്ങിയതോടെ അതെന്നേ നഷ്ടപ്പെട്ടിരിക്കുന്നു. അവർണ കോടികളുടെ തീണ്ടലിനു ശേഷവും അതു രണ്ടും നിലനിൽക്കുന്നുണ്ടെങ്കിൽ ഉണ്ണികൃഷ്ണൻ എന്ന നിഷ്കളങ്കനായ പൈതലിന്റെ സാന്നിധ്യം ആ വിശുദ്ധിയെയും ചൈതന്യത്തെയും പോഷിപ്പിക്കുകയേയുള്ളൂ. ■